# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**
**പുഴയ്ക്കൽ ബ്ലോക്ക്**
**തോളൂർ പഞ്ചായത്ത്**
**വാർഡ് – 2 പോന്നോർ വടക്കുമുറി**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK) 2018-19**

# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായ് 2005 സെപ്റ്റംബർ ആറാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നില്ക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്തി രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിന്റെ ലക്ഷ്യമാണ്.

### സവിശേഷതകൾ

- നിയമത്തിന്റെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.
- ഗ്രാമ പഞ്ചായത്ത് പ്രദേശത്തു താമസിക്കുന്ന 18 വയസസ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം.
- സ്ത്രീക്കും പുരുഷനും തുല്യ വേതനം.
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുന്ഗണന.
- തൊഴിലാളികൾ തന്നെ പ്രവൃത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു.
- ആസൂത്രണത്തി ലും നിർവഹണത്തിലും തികഞ്ഞ സുതാര്യത.
- കരാറുകാരോ ഇടനിലക്കാരോ ഇല്ല.
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബജറ്റ്.
- ബാങ്ക്, പോസ്റ്റ് ഓഫീസ് വഴി മാത്രം വേതന വിതരണം.
- സ്ത്രീകൾക്ക് മുൻഗണന.
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തു നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കണമെന്നു 17(2) വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെ പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെ പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവും ആയ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹ്യ പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ രണ്ട് പ്രാവിശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തെണ്ടതാണ്. സോഷ്യൽ ഓഡിറ്റിലുടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തില് ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

പുഴക്കൽ ബ്ലോക്കിലെ തോളൂർ പഞ്ചായത്തിലെ വാർഡ് 10 ആയ ചാലയ്ക്കലിൽ ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തില് നടപ്പിലാക്കിയ പദ്ധതികളാണു ഓഡിറ്റ്നു വിധേയമാക്കിയത്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവൃത്തി ഫയല് പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികൾ ആയുള്ള അഭിമുഖം , എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളേയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുതുന്നതിനു വേണ്ടിയാണു ഈ സോഷ്യല് ഓഡിറ്റ് . തൊഴിലാളികള്ക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു . അത് ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു .

**1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )**

തൊഴിലുറപ്പു നിയമം (Schedule 2 Para 1) അനുസരിച്ച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാല് ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കയ്യിൽ `1സൂക്ഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തില് ഏല്പ്പിച്ചാല് എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴില് കാർഡ് പഞ്ചായത്തില് സൂക്ഷിക്കുക ആണെങ്കിൽ സെക്ഷന് 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ് . demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോള് നമ്പര് , വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴില് കാർഡില് ഉണ്ടാവേണ്ടതാണ് . തൊഴില് കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉള്പ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടില് നിന്നും എടുക്കേണ്ടതാണ്. പഞ്ചായത്തില് നിന്നും സ്ഥിരമായി താമസം മാറി പോവുകയോ ,മരണപ്പെടുകയോ ഹാജർ ആക്കിയ രേഖകള് കൃത്യമാണെന്ന് തെളിയിക്കുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാന്സൽ /ഡിലീറ്റ് ചെയ്യാൻ പാടുള്ളൂ.
വാർഡിൽ മൊത്തം 192 തൊഴിൽ കാർഡുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളില് ലഭിക്കാനുള്ള അവകാശം. (Schedule 1 Para11)**

തൊഴിൽ ദിനങ്ങൾ ആവിശ്യപ്പെടാനും തീയതി വച്ച രസീത് കൈപറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു . തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ്ധ കായിക തൊഴിലി നായി ആവിശ്യപ്പെടവുന്നതാണ്. ഇത്തരം അപേക്ഷ രജിസ്റ്റര് ചെയ്യേണ്ടതും തീയതി വച്ച രസീതി നല്കേണ്ടതും ആണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്ക് നല്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷന് 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

**3. തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )**

തൊഴിൽ ആവിശ്യപെട്ടു 15 ദിവസത്തിനകം തൊഴിൽ ലഭിച്ചിലെങ്കിൽ ആദ്യത്തെ 30 ദിവസം വേതനത്തിന്റെ നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന്റെ പകുതിയും ലഭിക്കാൻ അവകാശമുണ്ട് .
തൊഴിൽ ആവശ്യപ്പെടുന്നതിന് അനുസരിച്ച് തൊഴിൽ കിട്ടുന്നതായി മനസിലാക്കി. തൊഴിലില്ലായ്മ വേതനം ആർക്കും ലഭിച്ചതായി അറിയുവാൻ സാധിച്ചില്ല.

**4. പ്രവൃത്തികൾ കണ്ടെത്തി നല്കാനുള്ള അവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവൃത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷന് 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭയിൽ വരുന്ന നിർദേശങ്ങളും ഉൾപ്പെടുതികൊണ്ടുള്ള ഷെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാകേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തിനാണ്.
ഗ്രാമസഭയിൽ അംഗീകരിക്കുന്ന പ്രവൃത്തികൾ ആണ് ഷെല്ഫ് ഓഫ് പ്രൊജക്റ്റ് ആക്കുന്നത്. എന്നാൽ ഗ്രാമസഭ രജിസ്റ്റർ പരിശോധനയിൽ ഒരു ഗ്രാമസഭയിൽ മാത്രമാണ് തീരുമാനങ്ങൾ എഴുതി കണ്ടത്. ബാക്കി ഉള്ളവയിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങളും ഒപ്പും ആണ് കണ്ടത്.

**5. അഞ്ചു കിലോമീറ്റർ ചുറ്റളവിൽ ലഭിക്കാനുള്ള അവകാശം. (Schedule 2 Para 18 )**

തൊഴിലാളിയുടെ താമസ സ്ഥലത്ത് നിന്ന് 5 കിലോമീറ്റർ ചുറ്റളവില് അല്ല തൊഴില് ലഭിക്കുനത് എങ്കില് വേതനത്തിന്റെ 10 ശതമാനം കൂടി അധിക വേതനം ലഭിക്കുനതിനുള്ള അവകാശം. (Schedule 2 Para 20 )**.**

അഞ്ചു കിലോമീറ്റർ ഉള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നതായാണ് തൊഴിലാളികളിൽ നിന്നും മനസിലാക്കിയത്.

**6. പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം. (Schedule 2 Para 23 )**

പട്ടിക 2 ഭാഗം 23 പ്രകാരം പ്രവർത്തി സഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രുഷ കിറ്റുകൾ, 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. കൂടാതെ തൊഴില് സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിന്റെ ചികിത്സ ചിലവും ലഭികുന്നതിനുള്ള അവകാശം ഉണ്ട്.
ആവിശ്യത്തിന് കൈയ്യുറകളും കാലുറകളും ലഭിക്കുന്നില്ല. ലഭിക്കുന്നതിൽ കൂടുതലും ഗുണമേന്മ ഇല്ലാത്തതാണ്. തോടുകളും പാടങ്ങളും പോലെയുള്ള തൊഴിലിടങ്ങളിൽ ഗുണമേന്മയുള്ള കൈയ്യുറകളും കാലുറകളും അത്യന്താപേക്ഷിതമാണ്. കാലുറകൾ ആവശ്യത്തിനു കിട്ടുന്നില്ല. ഫസ്റ്റ് എയ്ഡ് ബോക്സ് ഉണ്ട് എന്നാൽ ആവശ്യത്തിനു മരുന്നുകൾ ലഭിക്കുന്നില്ല . തണൽ സൌകര്യത്തിനായുള്ള ടാർപായ ലഭിക്കുന്നില്ല.

**7. കൂലി ലഭിക്കാനും 15 ദിവസതിനുള്ളിൽ തന്നെ അത് ലഭിക്കാനും ഉള്ള അവകാശം. (Schedule 2 para 29)**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസതിനുള്ളിൽ ലഭിക്കുവാന് ഉള്ള അവകാശം.
നിയമം അനുസരിച്ചു 15 ദിവസതിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിന് അർഹത ഉണ്ട്.

കൂലി കിട്ടുന്നതിനു മാസങ്ങളോളം കാലതാമസം നേരിടുന്നതായി തൊഴിലാളികൾ പരാതിപ്പെടുന്നു. യഥാസമയം ബാങ്ക് പാസ്സ്ബുക്ക് പതിപ്പിച്ചു ലഭിക്കുന്നില്ല എന്നും പരാതി ഉന്നയിച്ചു. കൂലി ലഭിക്കാൻ കാല താമസം എടുക്കുന്നു .

**8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കാനുള്ള അവകാശം.**

അവസാന പ്രവൃത്തി ദിവസത്തിന്റെ 15 ആം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേതനത്തിന്റെ 0.05% അധിക വേതനം ലഭിക്കാനുള്ള അവകാശം .
നഷ്ടപരിഹാരം ആർക്കും ലഭിച്ചതായി അറിയുവാൻ സാധിച്ചില്ല. ബാങ്ക് പാസ്സ് ബുക്ക് സമയത്തിന് പതിപ്പിച്ചു കിട്ടുന്നില്ല.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം.**

സെക്ഷന് 19 അനുസരിച്ച് 5 ദിവത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരനു അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോള് ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

പരാതി രജിസ്റ്റർ പരിശോധിച്ചതിൽ പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കണ്ടില്ല.

**10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതില് പങ്കാളി ആകുന്നതിനും ഉള്ള അവകാശം.

ഫയൽ പരിശോധന നടത്തിയതിൽ സോഷ്യൽ ഓഡിറ്റ് നടത്തിയ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല.

## ഫയൽ പരിശോധന

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമ പഞ്ചാൽ സൂക്ഷിക്കേണ്ടവയാണ്.

1. ജോബ് കാർഡ് രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. ഡിമാൻഡ് /അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സ്ഡ് അസെറ്റ് രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. മെറ്റിരിയല് രജിസ്റ്റർ

## പ്രവൃത്തി ഫയലിലെ 22 രേഖകൾ

കേന്ദ്ര സർക്കാറിന്റെ നിർദ്ദേശ പ്രകാരം ഒരു പ്രവൃത്തി ഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

1. കവര് പേജ്
2. ചെക്ക് ലിസ്റ്റ്
3. `ആക്ഷന് പ്ലാന്/ ഷെല്ഫ് ഓഫ് വര്ക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4. സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും.
5. ഭരണനുമാതിയുടെയും സാമ്പത്തിക അനുമതിയുടെയും കോപ്പി.
6. സാങ്കേതിക അനുമതിയുടെ കോപ്പി.
7. കണ്വേര്ജെന്സ് വിശദാംശങ്ങൾ.
8. തൊഴിലാളികൾ തൊഴിൽ ആവിശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.
9. തൊഴിൽ അനുവദിച്ചുകൊണ്ടുള്ള നോട്ടീസ്സ്റെ കോപ്പി.
10. പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.
11. മെഷർമെന്റ്ബുക്കിന്റെ കോപ്പി.
12. സാധനങ്ങള് വാങ്ങുന്നതിനുള്ള കൊട്ടേഷന് ക്ഷണിച്ചതിന്റെയും കംപാരിറ്റിവ് സ്റ്റേറ്റ്മെന്റ് ന്റെയും മെറ്റിരിയല് സപ്ലൈ ഓർഡർ ന്റെയും കോപ്പി.
13. വേജ് ലിസ്റ്റ്.
14. വേതനത്തിന്റെയും സാധനങ്ങള്ക്ക് പണം അടച്ചതിന്റെയും F T O യുടെയും കോപ്പി.
15. മെറ്റിരിയല് വൌച്ചര് ന്റെയും ബില്ലുകളുടെയും കോപ്പി.
16. റോയല്ടി അടച്ചതിന്റെ രസീതിന്റെ കോപ്പി.
17. 3 ഘട്ടങ്ങളായുള്ള തൊഴിലിന്റെ ഫോട്ടോകള്.
18. പൂര്ത്തികരിച്ച സര്ട്ടിഫിക്കറ്റ് ന്റെ കോപ്പി.
19. മസ്റ്റര് റോള് മൂവ്മെന്റ് സ്ലിപ്.
20. ആസ്തിയുടെ ജിഒ ടാഗ് ഫോട്ടോകള്.
21. സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ട് കോപ്പി.
22. സൈറ്റ് ഡയറി.

TS,AS, ചെക്ക് ലിസ്റ്റ്, ആക്ഷൻ പ്ലാൻ, എസ്റ്റിമേറ്റ്, ഡിമാൻഡ് ഫോം, വർക്ക് അലോക്കേഷൻ ഫോം, മസ്റ്റർ റോൾ, വേജ് ലിസ്റ്റ്, എം ബുക്ക് ഇവ എല്ലാ വർക്ക് ഫയലിലും കാണുവാൻ സാധിച്ചു. എന്നാൽ സൈറ്റ് ഡയറി, വർക്ക് കംപ്ലീഷൻ, സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ട് , ഫോട്ടോസ്, എന്നിവ കാണുവാൻ സാധിച്ചില്ല.

### CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് para 25(a), schedule1 അനുസരിച്ച് ഒരു പ്രവൃത്തിയുടെ അടിസ്ഥാന വിവരങ്ങള് അതായത് എസ്റ്റിമേറ്റ് തുക , സാധന വേതന ഘടകങ്ങൾ ,യഥാർത്ഥ ചെലവ് , തൊഴിൽ ദിനങ്ങൾ തുടങ്ങിയ വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്തക്കള്ക്കും മനസ്സിലാകുന്ന രീതിയിൽ പ്രദര്ശിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവൃത്തിയുടെയും ആരംഭ ഘട്ടത്തിൽ ആണ്. ഓരോ പ്രവൃത്തിക്കും അനുസൃതമായി നിഷ്കര്ഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോര്ഡുകള് ഉപയോഗിച്ച് സിമന്റ്ലും ലും കോണ്ക്രീറ്റ് ലും

നിര്‍മിച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. ഇരുമ്പ്, ടിന്, ഫ്ലക്സ് , ഷീറ്റുകള് തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോര്‍ഡുകള് സ്ഥാപിക്കുന്നത് നിയമ വിരുദ്ധമാണ്. വ്യക്തിഗത പ്രവര്‍ത്തികള്ക്ക് 3000 രൂപയും പൊതു പ്രവര്‍ത്തികള്ക്ക് 5000 രൂപയും ആണ് പരമാവധി നിര്‍മാണ ചെലവ് എന്നാണ് ആനുവൽ മാസ്റ്റർ സര്‍കുലർ നിഷ്കര്‍ഷിക്കുനത്. C I B അടങ്ങുന്ന ഒരു ഫോട്ടോ പ്രവര്‍ത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിര്‍ബന്ധമാണ്.

## റോസ്ഗാർദിനം

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്.

റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

# പ്രവൃത്തികളുടെ പരിശോധന വിവരണം

1. **പോന്നോർ വടക്കുമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം പ്രവൃത്തികൾ ഘട്ടം -2, 1607013006/LD/ 324966**

- പ്രവൃത്തി ആരംഭിച്ച തീയതി – 12/10/18
- പ്രവൃത്തി അവസാനിച്ച തീയതി – 06/05/2019
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 721
- എസ്റ്റിമേറ്റ് തുക - 200000 രൂപ
- ഈ പ്രവൃത്തിയിൽ 13 മസ്റ്റർ റോളുകളിലായി 720 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ധ തൊഴിൽ വേതനമായി 187404 രൂപയും, MISപ്രകാരം മെറ്റീരിയൽ തുകയുൾപ്പെടെ 201720 രൂപയും ഈ പ്രവർത്തികായി ചിലവഴിചിരിക്കുന്നു. CIB കാണുവാൻ സാധിച്ചു.
- എം ബുക്ക് പ്രകാരം ചെയ്ത പ്രവർത്തികൾ -പുല്ല് വെട്ടി വൃത്തിയാക്കൽ മണ്ണ്കിളക്കൽ , കുഴിയെടുക്കൽ ജൈവവേലി എന്നിവയാണ്.
- CIBകാണുവാൻ സാധിച്ചു.

2. **പോന്നോർ വടക്കുമുറി പ്രദേശത്ത് സമൂഹ്യവനവൽക്കരണം ഘട്ടം-1, 1607013006/DP/271234**

- പ്രവർത്തി ആരംഭിച്ച തിയതി – 04/09/2018
- പ്രവൃത്തി അവസാനിച്ചിട്ടില്ല.
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 1475
- എസ്റ്റിമേറ്റ് തുക - 414000 രൂപ
- ഈ പ്രവൃത്തിയിൽ 7മസ്റ്റർ റോളുകളിലായി 532 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ധ തൊഴിൽ വേതനമായി 146832 രൂപ ഈ പ്രവർത്തികായി ചിലവഴിചിരിക്കുന്നു.MIS പ്രകാരം മെറ്റീരിയൽ തുകയായി 1000 രൂപയും ചിലവക്കിയിട്ടുണ്ട്. എന്നാൽ ഫീൽഡിൽ CIB കാണുവാൻ സാധിച്ചില്ല.
- എസ്റ്റിമേറ്റ് പ്രകാരം 572 തൈകളാണൂ വച്ചു പിടിപ്പികെണ്ടിയിരുന്നത്. എം ബുക്ക് പ്രകാരം 2244തൈകളാണൂ വച്ചു പിടിപ്പിചിരിക്കുന്നത്.
- റോഡ് അരുകിൽ 61 ഉം വീടുകളിൽ നിന്നുമായി 256 ഉം ആകെ 317 വൃക്ഷ തൈകളും ആണു എണ്ണാൻ കഴിഞ്ഞത്. വീടുകളിലെ തൈകൾ വെള്ളം കയറിയതിനാലും, ശരിയായ പരിപാലനം കിട്ടാതെയും നശിച്ചു പോയി എന്നാണ് അറിയുവാൻ കഴിഞ്ഞത് . എന്നാൽ റോഡരികിലെ തൈകൾ കന്നുകാലികൾ തിന്നും വണ്ടികൾ കയറിയും നശിച്ചു പോയതായും അറിയുവാൻ കഴിഞ്ഞു.
- CIB കാണുവാൻ സാധിച്ചില്ല.

3. **പോന്നോർ വടക്കുമുറി ഗവ . അംഗീകൃത ഭവന നിർമ്മാണ പദ്ധതിയിൽ അവിധഗ്ദ്ധ തൊഴിലുകൾ ഘട്ടം-1, 1607013006/ IF/ 358915**

- പ്രവർത്തി ആരംഭിച്ച തിയതി – 18/09/2018
- പ്രവൃത്തി അവസാനിച്ച തീയതി – 25/02/2019
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 90

- എസ്റ്റിമേറ്റ് തുക - 28000രൂപ
- ഈ പ്രവൃത്തിയിൽ 8മസ്റ്റർ റോളുകളിലായി 90 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ദ തൊഴിൽ വേതനമായി 27642 രൂപ ഈ പ്രവർതികായി ചിലവഴിചിരിക്കുന്നു. CIB കാണുവാൻ സാധിച്ചില്ല.

4. **പോന്നോർ വടക്കുമുറി തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ ഘട്ടം -1, 1607013006/ LD/319509**

- പ്രവർത്തി ആരംഭിച്ച തിയതി – 09/10/2018
- പ്രവൃത്തി അവസാനിച്ച തീയതി – 22/11/2018
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 354
- എസ്റ്റിമേറ്റ് തുക - 230000 രൂപ
- ഈ പ്രവൃത്തിയിൽ 6 മസ്റ്റർ റോളുകളിലായി 334 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ദ തൊഴിൽ വേതനമായി 100204 രൂപ ഈ പ്രവർതികായി ചിലവഴിചിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം പുല്ല് വെട്ടി വൃത്തിയാക്കൽ, മണ്ണ് കിളക്കൽ, വിത്ത് നടൽ, ജൈവവേലി എന്നിവയാണ് ചെയ്യിരിക്കുന്നത്
- CIB കാണുവാൻ സാധിച്ചു.

5. **വെള്ളപ്പൊക്ക പുനരധിവാസ ഭൂവികസന പ്രവൃത്തികൾ 1607013006/LD /329865**

- പ്രവൃത്തി ആരംഭിച്ച തീയതി – 18/12/2018
- പ്രവൃത്തി അവസാനിച്ച തീയതി – 27/07/2019
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 1768
- എസ്റ്റിമേറ്റ് തുക - 484000 രൂപ
- ഈ പ്രവൃത്തിയിൽ 19 മസ്റ്റർ റോളുകളിലായി 1768അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ദ തൊഴിൽ വേതനമായി 488094 രൂപയാണ് ചിലവഴിച്ചി രിക്കുന്നത്.
- എം ബുക്ക് പ്രകാരം കാട് വെട്ടൽ, മണ്ണ് പണി, കുഴിയെടുക്കൽ എന്നീ പ്രവൃത്തികൾ ആണ് ചെയ്യിട്ടുള്ളത്.
- CIB കാണുവാൻ സാധിച്ചു.

6. **പോന്നോർ വടക്കുമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ കിണർ റീചാർജിംഗ് , 1607013006/IF / 349447**

ലില്ലി സൈമൺ , KL /07/013/006/002/81

- പ്രവൃത്തിആരംഭിച്ച തിയതി – 16/10/2018
- പ്രവൃത്തി അവസാനിച്ചു.
- എസ്റ്റിമേറ്റ് തുക - 25000 രൂപ
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 4
- ഈ പ്രവൃത്തിയിൽ 2 മസ്റ്റർ റോളുകളിലായി 4 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം 20563രൂപ ഈ പ്രവർത്തിക്കായി ചിലവഴിച്ചിരിക്കുന്നു.
- CIB ണുവാൻ സാധിച്ചു.

7. **പോന്നോർ വടക്കുമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്ര ഭൂവികസനം പ്രവൃത്തികൾ ഘട്ടം -1, 1607013006/ LD / 32 4965**

- പ്രവൃത്തിആരംഭിച്ച തിയതി – 09/10/2018
- പ്രവൃത്തി അവസാനിച്ചു.
- എസ്റ്റിമേറ്റ് തുക - 200000 രൂപ
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 721
- ഈ പ്രവൃത്തിയിൽ 10 മസ്റ്റർ റോളുകളിലായി 723 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം 171816രൂപയും MIS പ്രകാരം 202548 ഈ പ്രവർത്തിക്കായി ചിലവഴിച്ചിരിക്കുന്നു.
- എം ബുക്ക് പ്രകാരം പുല്ല് വെട്ടി വൃത്തിയാക്കൽ, കുഴി കുത്തി മണ്ണ് നീക്കൽ , ജൈവ വേലി എന്നിവയാണ് ചെയ്യേണ്ടിയിരുന്നത്.
- വെള്ളപ്പൊക്കം വന്നതിനാൽ ചെയ്ത പ്രവർത്തികൾ ഫീൽഡിൽ കാണുന്നില്ല.
- CIB കാണുവാൻ സാധിച്ചു.

8. **പോന്നോർ വടക്കുമുറി തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ ഘട്ടം -2 1607013006/ LD/323577**

- പ്രവർത്തി ആരംഭിച്ച തിയതി – 12/10/2018
- പ്രവൃത്തി അവസാനിച്ചു
- എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ- 716
- എസ്റ്റിമേറ്റ് തുക - 200000 രൂപ
- ഈ പ്രവൃത്തിയിൽ 4 മസ്റ്റർ റോളുകളിലായി 208 അവിദഗ്ദ്ധ തൊഴിൽദിനങ്ങൾ ആണുള്ളത്.
- എം ബുക്ക് പ്രകാരം അവിദഗ്ദ തൊഴിൽ വേതനമായി 75072 രൂപ ഈ പ്രവര്തികായി ചിലവഴിചിരിക്കുന്നു. എന്നാൽ MIS പ്രകാരം 60408രൂപയാണ് ചിലവഴിചിരിക്കുന്നത്. എം ബുക്ക് പ്രകാരം പുല്ല് വെട്ടി വൃത്തിയാക്കൽ, മണ്ണ് കിളക്കൽ, കുഴിയെടുക്കൽ എന്നിവയാണ് ചെയ്തിരിക്കുന്നത് . തരിശ് ഭൂമി ഇപ്പോഴും കൃഷിയോഗ്യമായാണ് ഫീൽഡിൽ കണ്ടത്.
- CIB കാണുവാൻ സാധിച്ചു.

## കണ്ടെത്തലുകൾ

- തെങ്ങിൻ തടം എടുത്തിട്ടുണ്ട് പക്ഷേ എല്ലാം മൂടിപ്പോയ അവസ്ഥയിലാണ് .
- പുല്ല് വെട്ടിയ സ്ഥലങ്ങളിൽ കാട് കയറികിടക്കുന്നു.
- മഴക്കുഴികളും, വേസ്റ്റ്കുഴികളും നശിച്ചു പോയിരിക്കുന്നു.
- ജൈവവേലി എവിടെയും കാണുവാൻ സാധിച്ചില്ല
- മഴക്കുഴികളിൽ വാഴ വെച്ചതായി കാണുന്നു.
- തെങ്ങിനുചുറ്റും വരമ്പ് ഉണ്ടാക്കുക എന്നത് വർഷാ വർഷം ചെയ്യേണ്ടതായ പ്രവർത്തിയാണ്. എന്നാൽതൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 1 സെക്ഷൻ 4(3) പാര4(3) അനുസരിച്ച് അളക്കാൻ സാധിക്കാത്തതും കാണാൻ പറ്റാത്തതുമായ പ്രവർത്തികൾ, ആവർത്തന സ്വഭാവമുള്ള പ്രവർത്തികൾ, പുല്ലുചെത്തൽ , കൊത്തികിളക്കൽ മുതലായവ ചെയ്യുവാൻ പാടുള്ളതല്ല.
- ഭൂവികസന പ്രവർത്തികളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എപ്രകാരമാണെന്ന് മനസ്സിലക്കിയെടുക്കുവാൻ സാധിക്കുന്ന രേഖകൾ കാണുവാൻ സാധിച്ചില്ല.
- 2019 ഓഗസ്റ്റ് മാസത്തിൽ ഉണ്ടായ മഴയും കാറ്റും വെള്ളപ്പൊക്ക ഭീഷണിയും എല്ലാം പ്രവർത്തികളെയും സാരമായി ബാധിച്ചതായി കാണുന്നു.

## <u>നിർദ്ദേശങ്ങൾ</u>

- വ്യക്തികളുടെ സ്വകാര്യ ഭൂമിയിൽ പണി ചെയ്യുന്നതിന് ഭൂവുടമകൾ തൊഴിൽ ചെയ്യണമെന്നു മാർഗ്ഗരേഖയിൽ നിർദേശിക്കുന്നുണ്ട്.
- നിലവിൽ ഭൂവുടമകൾ തങ്ങളുടെ ഭൂമിയിൽ പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുനതിനു വേണ്ടി മാത്രം തൊഴിൽ കാർഡുകൾ എടുക്കുന്ന തായാണ് കാണുന്നത്.
- കാലാനുസൃതമായി തൊഴിൽ ചെയ്യേണ്ടതുണ്ട് എങ്കിൽ മാത്രമേ പ്രവർത്തിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാകു.
- റോഡരികിൽ വെച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ സംരക്ഷിക്കേണ്ടത് പൊതുജനങ്ങളുടെയും വീടുകളിൽ വെച്ച് പിടിപ്പിക്കുന്നവ സംരക്ഷിക്കേണ്ടത് ഭൂവുടമകളുടെയും കൂടി ഉത്തരവാദിത്തം ആണ്.
- തൊഴിൽ കാർഡ് ഉള്ള വീടുകളിൽ ആണോ പണി നടക്കുന്നത് എന്ന് ഉറപ്പാക്കേണ്ടത് മേറ്റ്ന്റെ ഉത്തരവാദിത്തം ആണ്.
- അനുയോജ്യമായ സ്ഥലങ്ങളിൽ മാത്രം മഴക്കുഴികൾ നിർമ്മിക്കുന്നതാണ് ഉചിതം.
- വൃക്ഷ തൈകൾ റോഡരികിൽ നടുന്നതിന് പകരം പറമ്പുകളിൽ നടണം.

## <u>തീരുമാനങ്ങൾ</u>

- ഇനി വരുന്ന വനവല്ക്കരണ പ്രവൃത്തികളിൽ എവിടെയെല്ലമാണ് തൈകൾ നടുന്നത് എന്നുള്ളതിന്റെ വിവരം പ്രവൃത്തി ഫയലിൽ ലഭ്യമാക്കും.

| SL. NO. | Work Name | cover page | check list | action plan | estimate &design | TS | AS | convergence | demand | work allocation | muster roll | m.book | material purchase | wage list | FTO | material voucher bill | royalty | 3phase photo | completion | muster roll movement | geo tag | social audit | site diary |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പടേ്നത്തേവടക്കുംമുറി ഗവ.അംഗീകൃത ഭവന നിര്മ്മാണ പദ്ധതിയില് അവിദഗ്ധ തൊഴിലുകള് ഘട്ടം1 | N | N | N | Y | N | N | N | N | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 2 | പടേ്നത്തേ വടക്കുംമുറി തരിശു ഭൂമി കൃഷി യോഗ്യമാക്കല് ഘട്ടം1 | N | N | N | Y | Y | N | N | N | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 3 | പടേ്നത്തേ വടക്കുംമുറി തരിശു ഭൂമി കൃഷി യോഗ്യമാക്കല് ഘട്ടം2 | N | N | N | Y | Y | N | N | Y | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 4 | വളള്ളിപ്പാക്കൽ പുനരധിവാസം ഭൂവികസന പ്രവൃത്തികള് ഘട്ടം1 | Y | Y | N | Y | Y | N | N | Y | Y | Y | Y | N | N | N | N | N | N | Y | Y | N | N | N |
| 5 | പടേ്നത്തേ വടക്കുംമുറി ദുര്ബല ജനവിഭാഗങ്ങളുടെ ഭൂമിയില് സമഗ്ര ഭൂവികസന പ്രവൃത്തികള് ഘട്ടം1 | N | N | N | Y | Y | N | N | N | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 6 | പടേ്നത്തേ വടക്കുംമുറി ദുര്ബല ജനവിഭാഗങ്ങളുടെ ഭൂമിയില് സമഗ്ര ഭൂവികസന പ്രവൃത്തികള് ഘട്ടം2 | N | N | N | Y | N | N | N | N | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 7 | പടേ്നത്തേ വടക്കുംമുറി പ്രദേശത്തെ സാമൂഹ്യ വനവല്ക്കരണം ഘട്ടം1 | N | N | N | Y | Y | N | N | N | N | Y | Y | N | N | N | N | N | N | N | N | N | N | N |
| 8 | പടേ്നത്തേ വടക്കുംമുറി ദുര്ബല ജനവിഭാഗങ്ങളുടെ ഭൂമിയില് കിണര് റീചാര്ജിംഗ് | N | N | N | Y | Y | N | N | N | Y | Y | Y | N | N | Y | N | N | N | N | N | N | N | |

| Work Name | Work Code | Starting Date | Ending Date | Status | Estimated Expenditure | Actual Expenditure | Estimated Man Days | Actual Man Days | Display Board |
|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് വടക്കുംമുറി ഗവ. അംഗീകൃത ഭവന നിർമ്മാണ പദ്ധതിയിൽ അവിദഗ്ധ തൊഴിലുകൾ ഘട്ടം1 | 1607013006/IF /358915 | 18-09-2018 | | COMPLETED | 28000 | 27390 | 90 | 90 | No |
| പഞ്ചായത്ത് വടക്കുംമുറി തരിശു ഭൂമി കൃഷി യോഗ്യമാക്കൽ ഘട്ടം1 | 1607013006/LD /319509 | 09-10-2018 | | COMPLETED | 230000 | 100204 | 354 | 354 | YES |
| പഞ്ചായത്ത് വടക്കുംമുറി തരിശു ഭൂമി കൃഷി യോഗ്യമാക്കൽ ഘട്ടം2 | 1607013006/LD/323577 | 12-10-2018 | | COMPLETED | 200000 | 75072 | 716 | 208 | YES |
| വെള്ളപ്പൊക്ക നരധിവാനം ഭൂവികസന പ്രവൃത്തികൾ ഘട്ടം1 | 1607013006/LD/329865 | 18-12-2018 | | COMPLETED | 484000 | 488094 | 1768 | 1768 | YES |
| പഞ്ചായത്ത് വടക്കുംമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസന പ്രവൃത്തികൾ ഘട്ടം1 | 1607013006/LD/324965 | 09-10-2018 | | COMPLETED | 200000 | 202548 | 721 | 723 | YES |
| പഞ്ചായത്ത് വടക്കുംമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ സമഗ്രഭൂവികസന പ്രവൃത്തികൾ ഘട്ടം2 | 1607013006/LD/324966 | 12-10-2019 | | COMPLETED | 200000 | 187404 | 721 | 720 | YES |
| പഞ്ചായത്ത് വടക്കുംമുറി പ്രദേശത്ത് സാമൂഹ്യവനവൽക്കരണം ഘട്ടം1 | 1607013006/DP/271234 | 04-09-2018 | | Ongoing | 414000 | 146832 | 1475 | 532 | No |
| പഞ്ചായത്ത് വടക്കുംമുറി ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ കിണർ റീചാർജിംഗ് | 1607013006/IF /349447 | 16-10-2018 | 19-10-2018 | COMPLETED | 25000 | 20563 | 4 | 4 | No |